LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് പി. തോമസിന് പ്രൊമോഷൻ നൽകാൻ നടപടി

129 (4411) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ജയത്തിൽ വേലായുധവിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ. വർഗ്ഗീസ് പി. തോമസിന് വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയി പ്രൊമോഷൻ നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുവരെയും അപ്പോയിന്റ്മെന്റിന് അപ്രൂവൽ നൽകാത്തതെന്താണെന്ന് വിശദമാക്കാമോ :

(സി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമെന്ന് സ്കൂൾ അധികൃതർക്ക് അനുഭവപ്പെടുമെങ്കിൽ ശ്രീ. വർഗ്ഗീസ് പി. തോമസിന് താല്കാലികമായി വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ, സ്പെഷ്യൽ റൂൾസിന്റെ പൂർത്തീകരണത്തിന് വിധേയമായി നിയമിക്കാൻ കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി & സി) സ്പെഷ്യൽ റൂൾസ് രൂപീകരിച്ചശേഷം അതിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ നിയമനത്തിന് അംഗീകാരം നൽകാൻ കഴിയൂ.

മെരിറ്റ് സ്കോളർഷിപ്പ് അനുവദിക്കാനുള്ള നടപടി

130 (4412) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാർത്ഥികളുടെ ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് അനുവദിക്കാനുള്ള കാലതാമസത്തിന് കാരണം പറയാമോ :

(ബി) ഏതുവർഷം മുതലുള്ള അപേക്ഷകളാണ് കുടിശ്ശികയുള്ളത് എന്ന് പറയാമോ :

(സി) 2003 മേയ് 31 വരെ വിതരണം ചെയ്യപ്പെടാത്ത എത്ര സ്കോളർഷിപ്പ് അപേക്ഷകൾ കുടിശ്ശികയുണ്ടെന്ന് വർഷവും കോഴ്സുതിരിച്ച് പറയാമോ ;

(ഡി) 2001-2002, 2002-2003 വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യേണ്ടിയിരുന്ന തുക എത്രയായിരുന്നുവെന്നും അതിന് വേണ്ടി അനുവദിച്ച തുക എത്രയാണെന്നും വെളിപ്പെടുത്താമോ :

(ഇ) ഓരോ വർഷവും അപേക്ഷയുടെ എണ്ണമനുസരിച്ച് ആവശ്യമായ തുക അനുവദിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ :